ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 29.07.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. കേന്ദ്ര ബജറ്റിന്മേലുള്ള ചർച്ചകൾ പാർലമെൻറിൻറെ ഇരുസഭകളിലും ഇന്നും തുടർന്നു. രാജ്യത്ത് ജാതി സെൻസസ് നടപ്പാക്കണമെന്ന് ലോക്സഭയിൽ പ്രതിപക്ഷനേതാവ് രാഹുൽഗാന്ധി. അഗ്നീവീർ പദ്ധതിക്കെതിരായ രാഹുൽ ഗാന്ധിയുടെ വിമർശനങ്ങൾ തെറ്റിദ്ധാരണ പരത്തുന്നതായി രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിങ്ങ്.

   Parliament today resumed discussion on the General Budget 2024-25. LOP Rahul Gandhi has demanded caste census, and legal guarantee of MSP to farmers. Referring to Mr. Gandhi's remark on the Agniveer scheme, Defence Minister Rajnath Singh said, misconceptions have been created about the scheme by the Leader of Opposition

2. ഡൽഹിയിലെ കോച്ചിങ്ങ് സെൻറർ അപകടം പാർലമെൻറിൽ ചർച്ചയായി. ഡൽഹി സർക്കാരിനെതിരെയും നഗരസഭയ്ക്കെതിരെയും ചർച്ചയിൽ രൂക്ഷവിമർശനം.

   UPSC Aspirants' Death Case Raised In Both Houses Of Parliament

3. പാരീസ് ഒളിമ്പിക്സ് പുരുഷ ഹോക്കിയിലെ ഇന്ത്യ- അർജൻറീന മത്സരം സമനിലയിൽ .ബാഡ്മിന്റൺ പുരുഷ സിംഗിൾസ് ഗ്രൂപ്പ് മത്സരത്തിൽ ലക്ഷ്യ സെന്നിന് വിജയം.

In Paris olympics, Indian men's hockey team today drew against Argentina. Lakshya Sen beats Julien Carraggi of Belgium in the men's singles group stage Badminton match

4. സംസ്ഥാനത്ത് ഒരു കുട്ടിക്ക് കൂടി അമീബിക് മസ്തിഷ്ക ജ്വരം സ്ഥിരീകരിച്ചു.

4-year old tested positive Amoebic Meningoencephalitis in Kerala today.

5. കേരളത്തിലെ 49 തദ്ദേശവാർഡുകളിൽ നാളെ നടക്കുന്ന ഉപതിരഞ്ഞെടുപ്പിനുള്ള മുന്നൊരുക്കങ്ങൾ പൂർത്തിയായതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

Arrangements have been completed for the local body bypolls to be held in 49 wards across Kerala, tomorrow

6. സംസ്ഥാനത്ത് വ്യാപക മഴ തുടരുന്നു. 5 ജില്ലകളിൽ ഓറഞ്ച് ജാഗ്രത. തൃശൂർ, വയനാട് ജില്ലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നാളെ അവധി.

Rain havoc continues in Kerala, IMD issued Orange alert in 5 districts. Holiday declared for educational institutions in Wayanad and Thrissur districts on tuesday.

&&&&&&&&&&&&&&&&&&

EVE. LS- BUDGET DISCUSSION-INTRO

കേന്ദ്ര ബജറ്റിന്മേലുള്ള ചർച്ചകൾ പാർലമെൻറിൻറെ ഇരുസഭകളിലും ഇന്നും തുടർന്നു. പ്രതിപക്ഷനേതാവ് രാഹുൽ ഗാന്ധി, സമാജ് വാദി പാർട്ടി എംപി ഡിംപിൾ യാദവ് ഉൾപ്പെടെയുള്ളവർ ഇന്ന് ചർച്ചയിൽ പങ്കെടുത്തു.

വിശദാംശങ്ങളിലേക്ക്.............

(വോയിസ്)

&&&&&&&&&&&&&&&&&&&&

**EVE. LS- BUDGET DISCUSSION-VOICE**

രാജ്യത്ത് ജാതി സെൻസസ് നടപ്പാക്കണമെന്നും, കർഷികോത്പന്നങ്ങളുടെ താങ്ങുവിലയിൽ കർഷകർക്ക് നിയമപരമായ ഉറപ്പ് നൽകണമെന്നും ശ്രീ രാഹുൽഗാന്ധി ലോക്സഭയിൽ പറഞ്ഞു. അഗ്നീവീർ പദ്ധതിയ്ക്കെതിരെയും അദ്ദേഹം വിമർശനങ്ങൾ ഉന്നയിച്ചു. പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗങ്ങൾക്ക് ബജറ്റിൽ പരിഗണന ലഭിച്ചില്ലെന്ന് പറഞ്ഞ രാഹുൽ ഗാന്ധി മൂലധന നേട്ടങ്ങളുടെ നികുതി വർദ്ധന രാജ്യത്തെ മധ്യവർഗ്ഗക്കാരെ സാരമായി ബാധിക്കുമെന്നും പറഞ്ഞു. അഗ്നീവീർ പദ്ധതിക്കെതിരായ അദ്ദേഹത്തിൻറെ വിമർശനങ്ങൾ തെറ്റിദ്ധാരണ പരത്തുന്നതായും വിഷയത്തിൽ ചർച്ചയ്ക്ക് തയ്യാറാണെന്നും രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിങ്ങ് സഭയിൽ വ്യക്തമാക്കി. വിദ്യാഭ്യാസത്തിനുള്ള ബജറ്റ് വിഹിതം തുടർച്ചയായി കുറഞ്ഞുവരുന്നതായി സമാജ് വാദി പാർട്ടി എംപി ഡിംപിൾ യാദവ് ചർച്ചയിൽ ചൂണ്ടിക്കാട്ടി. ബജറ്റ് രാജ്യത്തിന് പുതിയ ദിശാബോധം നൽകുന്നതായി ബിജെപി എംപി സുരേഷ് കുമാർ കശ്യപ് പറഞ്ഞു.

ഓഹരികൾ വിറ്റഴിക്കുന്നതിനു പകരം, പുന:നിക്ഷേപം നടത്തേണ്ട സമയമാണിതെന്ന് രാജ്യസഭയിൽ ചർച്ചയിൽ പങ്കെടുത്ത മുൻ പ്രധാനമന്ത്രിയും, ജെഡിഎസ് എംപിയുമായ എച്ച്.ഡി ദേവഗൗഡ ന ചൂണ്ടിക്കാട്ടി. ജി.എസ്.ടി നികുതി നിർണയ രീതി എംഎസ്എംഇ മേഖലയ്ക്ക് പ്രയാസങ്ങൾ സൃഷ്ടിച്ചതായി കോൺഗ്രസ് എംപി രാജീവ് ശുക്ല പറഞ്ഞു. രാജ്യത്ത് 2021 ൽ നടക്കേണ്ടിയിരുന്ന ജനസംഖ്യാ കണക്കെടുപ്പ് ഇതുവരെ നടപ്പാക്കാത്തതിൽ കേന്ദ്രസർക്കാരിനെതിരെ തൃണമൂൽ എംപി സാകേത് ഗോഖലെ വിമർശനമുന്നയിച്ചു.

&&&&&&&&&&&&&&&&&&

**REV. RS+ LS-COACHING CENTRES**

ഡൽഹിയിൽ സിവിൽ സർവീസ് കോച്ചിങ് സെൻററിൽ വെള്ളം കയറി വിദ്യാർത്ഥികൾ മരിക്കാനിടയായ സംഭവം പാർലമെൻറിൽ ചർച്ചയായി . വിഷയത്തിൽ സമഗ്ര അന്വേഷണം നടത്തണമെന്ന് ബിജെപിയും കോൺഗ്രസും ആവശ്യപ്പെട്ടു . ഡൽഹി സർക്കാരിൻറെയും, നഗരസഭയുടെയും അനാസ്ഥയാണ് അപകടത്തിന് കാരണമെന്നും, ആം ആദ്മി പാർട്ടിയാണ് ഇവ ഭരിക്കുന്നതെന്നും ബിജെപി എംപി ബൻസുരി സ്വരാജ് ലോക്സഭയിൽ വിമർശനമുന്നയിച്ചു. കേന്ദ്ര ആഭ്യന്തര മന്ത്രാലയം വിഷയത്തിൽ ഇടപെട്ട് അന്വേഷണ സമിതിയെ നിയോഗിക്കണമെന്നും അവർ ആവശ്യപ്പെട്ടു. കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിക്കപ്പെടുന്നതിൽ നഗരസഭയ്ക്ക്

ഉത്തരവാദിത്തമുണ്ടെന്ന് കോൺഗ്രസ് എംപി ശശി തരൂർ അഭിപ്രായപ്പെട്ടു. ഇത്തരം കോച്ചിങ് സെൻററുകൾ നടത്താൻ അനുമതി നൽകിയ ഉദ്യോഗസ്ഥരും അപകടത്തിന് ഉത്തരവാദികളാണെന്ന് സമാജ് വാദി പാർട്ടി എംപി അഖിലേഷ് യാദവ് പറഞ്ഞു.. രാജ്യസഭയിൽ ചർച്ചയ്ക്ക് തുടക്കം കുറിച്ച ബിജെപി എംപി സുധാൻഷു ത്രിവേദി, വിഷയത്തിൽ ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കേജ്രിവാൾ ഇതുവരെ പ്രതികരിച്ചില്ലെന്നും വിമർശനം ഉന്നയിച്ചു. തൃണമൂൽ എംപി ഡെറിക് ഒബ്രിയാനും ഡിഎംകെ അംഗം തിരുച്ചി ശിവയും വിഷയത്തിൽ ആശങ്ക രേഖപ്പെടുത്തി. ആശങ്ക ഉളവാക്കുന്ന സംഭവമാണിതെന്ന് അപകടത്തിൽ അനുശോചനം രേഖപ്പെടുത്തിക്കൊണ്ട് രാജ്യസഭാ അധ്യക്ഷൻ ജഗ്ദീപ് ധൻകർ പറഞ്ഞു.

&&&&&&&&&&&&&&&&&&

**LS-EMPLOYMENT**

രാജ്യത്ത് തൊഴിൽ ദൗർലഭ്യമില്ലെന്ന് കേന്ദ്ര തൊഴിൽ മന്ത്രി മൻസൂഖ് മാണ്ഡവ്യ. സർക്കാർ നയങ്ങളിലൂടെ തൊഴിലില്ലായ്മ നിരക്ക് 3.2 ശതമാനമായി കുറഞ്ഞതായും അദ്ദേഹം ലോക്സഭയിൽ പറഞ്ഞു. വരും വർഷങ്ങളിൽ തൊഴിലില്ലായ്മ നിരക്ക് മൂന്ന് ശതമാനത്തിൽ താഴെ എത്തുമെന്നും അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു.

&&&&&&&&&&&&&&&&&&

## RS-PETROL- DIESEL PRICES

മറ്റ് രാജ്യങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഇന്ത്യയിലെ പെട്രോൾ-ഡീസൽ വില കുറവാണെന്ന് കേന്ദ്ര സർക്കാർ. രാജ്യസഭയിൽ ചോദ്യോത്തരവേളയിൽ കേന്ദ്ര പെട്രോളിയം പ്രകൃതി വാതക മന്ത്രി ഹർദീപ് സിങ് പുരിയാണ് ഇക്കാര്യം വ്യക്തമാക്കിയത്. പാകിസ്ഥാൻ, ബംഗ്ലാദേശ്, ശ്രീലങ്ക, നേപ്പാൾ എന്നിവിടങ്ങളിലെ എണ്ണ വില വർധനയേക്കാൾ കുറവാണ് രാജ്യത്തെ വർധനയെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

## OLYMPICS

പാരീസ് ഒളിമ്പിക്സ് 10 മീറ്റർ എയർ റൈഫിൾസ് പുരുഷ വിഭാഗത്തിൽ ഇന്ത്യയുടെ അർജുൻ ബബുതയ്ക്ക് നാലാം സ്ഥാനം മാത്രം. വനിതാ വിഭാഗത്തിൽ രമിത ജിൻഡലിന് ഏഴാം സ്ഥാനമാണ് ലഭിച്ചത്. എന്നാൽ 10 മീറ്റർ എയർ റൈഫിൾസിൽ മനു ഭാക്കർ- സരബ് ജ്യോത് സഖ്യം വെങ്കലമെഡലിനുള്ള മത്സരത്തിലേക്ക് യോഗ്യത നേടി. ബാഡ്മിന്റൺ പുരുഷ സിംഗിൾസ് ഗ്രൂപ്പ് മത്സരത്തിൽ ഇന്ത്യയുടെ ലക്ഷ്യസെൻ ബെൽജിയൻ താരം ജുലിയൻ കരാഗിയെ 21-19, 21-16 ന് പരാജയപ്പെടുത്തി.

പുരുഷ ഡബിൾസിൽ സാത്വിക് സായ് രാജ്- ചിരാഗ് ഷെട്ടി സഖ്യവുമായുള്ള മത്സരത്തിൽ നിന്ന് ജർമ്മൻ സഖ്യം പരിക്കിനെ തുടർന്ന് പിന്മാറി. നാളെ നടക്കുന്ന

മത്സരത്തിൽ ഇന്തോനേഷ്യൻ സഖ്യമാണ് ഇന്ത്യൻ സഖ്യത്തിന്റെ എതിരാളികൾ. ബാഡ്മിന്റൺ വനിതാ ഡബിൾസിൽ അശ്വിനി പൊന്നപ്പ- തനിഷ ക്രിസ്റ്റോ സഖ്യം ജാപ്പനീസ് സഖ്യവുമായി പരാജയപ്പെട്ടു. സ്കോർ 11-21, 12-21 . നാളെ ഓസ്ട്രേലിയൻ സഖ്യത്തെയാണ് ഇരുവരും നേരിടുക. ഒളിമ്പിക്സ് പുരുഷ ഹോക്കിയിൽ ഇന്ത്യ- അർജൻറീന മത്സരം സമനിലയിൽ കലാശിച്ചു. ഇരു ടീമുകളും ഓരോ ഗോൾ വീതമാണ് നേടിയത്. അമ്പെയ്ത്ത് റീകർവ് ടീം പുരുഷ വിഭാഗം ക്വാർട്ടർ ഫൈനലിൽ ഇന്ത്യ തുർക്കിയെയോട് പരാജയപ്പെട്ടു.

&&&&&&&&&&&&&&&&&&

**AMEBIC**

സംസ്ഥാനത്ത് കോഴിക്കോട് സ്വദേശിയായ ഒരു കുട്ടിക്ക് കൂടി അമീബിക് മസ്തിഷ്ക ജ്വരം സ്ഥിരീകരിച്ചു. കോഴിക്കോട് സ്വകാര്യ ആശുപത്രിയിൽ ചികിൽസയിലുള്ള കുട്ടിയുടെ ആരോഗ്യനില തൃപ്തികരമെന്ന് ആശുപത്രി അധികൃതർ പറഞ്ഞു. അതേസമയം രോഗം സ്ഥിരീകരിച്ച് കോഴിക്കോട് ചികിൽസയിലുള്ള കണ്ണൂർ സ്വദേശിയായ കുട്ടിയുടെ ആരോഗ്യനിലയിൽ മാറ്റമില്ല. തീവ്രപരിചരണ വിഭാഗത്തിൽ തുടരുന്ന കുട്ടി മരുന്നുകളോട് പ്രതികരിക്കുന്നുണ്ട്.

അമീബിക് മസ്തിഷ്ക ജ്വരം ഭേദമാക്കാൻ ജർമനിയിൽ നിന്ന് കൊണ്ട് വന്ന മരുന്ന് ആരോഗ്യ മന്ത്രി വീണാ ജോർജിന്

കൈമാറി. 56 മരുന്നുകളുള്ള ഒരു ബോക്സാണ് സംസ്ഥാന സർക്കാരിന്റെ അഭ്യർത്ഥനപ്രകാരം ഡോക്ടർ ഷംസീർ വയലിൽ മുൻകൈ എടുത്ത് സംസ്ഥാനത്തെത്തിച്ചത്.

&&&&&&&&&&&&&&&&&&

## LOCAL ELECTION KERALA

സംസ്ഥാനത്തെ 49 തദ്ദേശവാർഡുകളിൽ നാളെ നടക്കുന്ന ഉപതിരഞ്ഞെടുപ്പിനുള്ള മുന്നൊരുക്കങ്ങൾ പൂർത്തിയായതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ.ഷാജഹാൻ അറിയിച്ചു. രാവിലെ ഏഴ് മുതൽ വൈകുന്നേരം ആറ് മണി വരെയാണ് വോട്ടെടുപ്പ്. വോട്ടു ചെയ്യുന്നവരുടെ ഇടതു കൈയ്യിലെ ചൂണ്ടുവിരലിന് പകരം നടുവിരലിലാണ് മഷി പുരട്ടുക. വയനാട് ഒഴികെയുള്ള 13 ജില്ലകളിലെ ഒരു ജില്ലാ പഞ്ചായത്ത്, നാല് ബ്ലോക്ക് പഞ്ചായത്ത്, ആറ് മുനിസിപ്പാലിറ്റി, 38 ഗ്രാമപഞ്ചായത്ത് വാർഡുകളിലാണ് ഉപതിരഞ്ഞെടുപ്പ് നടക്കുന്നത്. വോട്ടെണ്ണൽ മറ്റന്നാൾ രാവിലെ 10 ന് നടക്കും.

&&&&&&&&&&&&&&&&&&

## RAIN –KERALA

കേരളത്തിൽ അടുത്ത അഞ്ച് ദിവസം ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. മറ്റെല്ലാ ജില്ലകളിലും

മഞ്ഞ ജാഗ്രതയാണ്. കേരള, കർണ്ണാടക, ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

മഴ ശക്തമായ സാഹചര്യത്തിൽ തൃശൂർ, വയനാട് ജില്ലകളിലെ ജില്ലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നാളെ അവധി പ്രഖ്യാപിച്ചു. ട്യൂഷൻ സെൻ്ററുകൾ, അങ്കണവാടികൾ, പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി ബാധകമാണ്

&&&&&&&&&&&&&&&&&&

## PM BUDGET

കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രിയുടെ ബജറ്റാനന്തര സമ്മേളനത്തെ പ്രധാനമന്ത്രി
നരേന്ദ്ര മോദി നാളെ അഭിസംബോധന ചെയ്യും.ന്യൂഡൽഹിയിലെ വിഗ്യാൻ ഭവനിലാണ്, 'വികസിത ഭാരതത്തിലേക്കുള്ള യാത്ര' എന്ന പേരിൽ സമ്മേളനം സംഘടിപ്പിച്ചിരിക്കുന്നത്.

&&&&&&&&&&&&&&&&&&

## RAJNATH– DAC

രാജ്യ രക്ഷാമന്ത്രി രാജ്നാഥ് സിംഗിൻ്റെ അധ്യക്ഷതയിൽ പ്രതിരോധ സംഭരണ സമിതി ഇന്ന് ന്യൂഡൽഹിയിൽ യോഗം ചേർന്നു. ഇന്ത്യൻ സൈന്യത്തിൻ്റെ കവചിത യുദ്ധ വാഹനങ്ങൾക്കായി അഡ്വാൻസ്ഡ് ലാൻഡ്

നാവിഗേഷൻ സിസ്റ്റം വാങ്ങുന്നതിനുള്ള ആവശ്യകത ഉൾപ്പെടെ വിവിധ വിഷയങ്ങൾ യോഗം പരിഗണിച്ചു. ഇന്ത്യൻ കോസ്റ്റ് ഗാർഡിൻ്റെ ശേഷി വർധിപ്പിക്കുന്നതിനായി, 22 ഇൻ്റർസെപ്റ്റർ ബോട്ടുകൾ വാങ്ങുന്നതിന് DAC അനുമതി നൽകി.

&&&&&&&&&&&&&&&&&&

## SC – BIHAR RESERVATION

ബിഹാറിൽ സർക്കാർ ജോലികൾക്കും, ഉന്നത വിദ്യാഭ്യാസത്തിനും 65 ശതമാനം ജാതി അടിസ്ഥാനത്തിലുള്ള സംവരണം ഏർപ്പെടുത്തിയ സംസ്ഥാന സർക്കാർ തീരുമാനം റദ്ദാക്കിയ പട്ന ഹൈക്കോടതി ഉത്തരവ് സ്റ്റേ ചെയ്യാതെ സുപ്രീംകോടതി . ബിഹാർ സർക്കാർ സമർപ്പിച്ച അപ്പീലുകളിൽ നോട്ടീസ് അയച്ച സുപ്രീംകോടതി, കേസിൽ വാദം കേൾക്കുന്നത് സെപ്റ്റംബറിലേക്ക് മാറ്റി. സംവരണം 50 ശതമാനത്തിൽ നിന്ന് 65 ശതമാനമായി ഉയർത്തിയ വിജ്ഞാപനമാണ് പാറ്റ്ന ഹൈക്കോടതി കഴിഞ്ഞ മാസം റദ്ദാക്കിയത്.

&&&&&&&&&&&&&&&&&&

## BIHAR TRAIN

ബിഹാറിൽ സമ്പർക്ക് ക്രാന്തി എക്സ്പ്രസ് ബോഗികൾ എൻജിനിൽ നിന്നും വേർപെട്ടു.

ആളപയാമില്ല. ന്യൂഡൽഹിയിലേക്കുള്ള യാത്രാമധ്യേ ഖുദിറാം ബോസ് റെയിൽവേ സ്റ്റേഷനു സമീപമായിരുന്നു സംഭവം. എൻജിൻ ഘടിപ്പിച്ച ശേഷം യാത്ര പുനരാരംഭിച്ചു.

&&&&&&&&&&&&&&&&&&

## VENEZUELA - PRESIDENT

വെനസ്വേലൻ പ്രസിഡൻ്റ് തിരഞ്ഞെടുപ്പിൽ, നിക്കോളാസ് മഡുറോ വീണ്ടും വിജയിച്ചു. മൂന്നാം തവണയാണ് വെനസ്വേല പ്രസിഡൻ്റായി മഡുറോ തെരഞ്ഞെടുക്കപ്പെടുന്നത്. 51.2 ശതമാനത്തിന്റെ പിന്തുണയുള്ള മഡുറോയ്ക്ക് 2031വരെ ഭരണം തുടരാനാവും.

&&&&&&&&&&&&&&&&&&

## MEA ADVISORY-LEBANON

आकाशवाणी समाचार
Akashvani

ലെബനൻ- ഇസ്രയേൽ സംഘർഷം രൂക്ഷമാകുമെന്ന ആശങ്കയുടെ പശ്ചാത്തലത്തിൽ യാത്രാ നിയന്ത്രണങ്ങളുമായി ലെബനനിലെ ഇന്ത്യൻ എംബസി. ലെബനനിലേക്ക് യാത്രയ്ക്ക് തയ്യാറെടുക്കുന്നവർ ജാഗ്രത പാലിക്കണമെന്നും, ബെയ്റൂട്ടിലെ എംബസിയുമായി ബന്ധപ്പെടണമെന്നും നിർദേശത്തിൽ പറയുന്നു.

&&&&&&&&&&&&&&&&&&